# അക്ഷരത്തളിര്

*Students Magazine*



# G.M.U.P. SCHOOL KAKKAD

**Kakkad (PO), Tirurangadi, Malappuram Dt.. Kerala - 676306**

# വായനക്ക് മുമ്പ്

കക്കാട് ജി.എം.യു.പി സ്കൂളിലെ അഭിമാന താരകങ്ങളായ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ കലാവിരുതുകളുടെ ഒരു സമാഹാരമാണ് ഈ ഡിജിറ്റൽ മാഗസിൻ.ഇതിന്റെ ഓരോ താളുകളിലും കലാ സാഹിത്യ കഴിവുകൾ പ്രകാശിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.കോവിഡ് മഹാമാരിയുടെ ഈ ദുരന്ത കാലത്തും എല്ലാ പരിമിതി കൾക്കുള്ളിൽ നിന്നു കൊണ്ട് ഞങ്ങളെക്കൊണ്ട് ആവുന്ന വിധം കലാ-സാഹിത്യ പ്രവർത്തനങ്ങളി ൽ ഏർപ്പെടാൻ ശ്രമിക്കുകയാണ് ഇതിലൂടെ. സ്കൂൾ പഠനം ഓൺലൈനായി നല്ലരീതിയിൽ നടന്നുകൊണ്ടിരിക്കുന്നു,മറ്റു ധാരാളം പ്രവർത്തന ങ്ങളും ഇപ്പോൾ ഓൺലൈനായി കഴിഞ്ഞിട്ടുണ്ട്. അപ്പോൾ എന്തുകൊണ്ട് മാഗസിനും ഓൺ ലൈൻ ആയിക്കൂടാ എന്ന ആലോചനയുടെ ഉത്ത രമാണ് നിങ്ങളുടെ കൈയിൽ ഇരിക്കുന്ന ഈ കൃതി. ഞങ്ങളുടെ അധ്വാനഫലമായ ഈ മാഗസിൻ ഓരോ താളുകളായി നിങ്ങൾ പൂർണമായി വായിച്ചു ആസ്വദിക്കണമെന്ന അഭ്യർത്ഥനയോടെ....



**വൈഗ ഗണേശ്**
എഡിറ്റർ



**ഇഖ്ബാൽ കല്ലുങ്ങൽ**

**പി.ടി.എ പ്രസിഡന്റ്**

മികവാർന്ന വിവിധ പ്രവർത്തനങ്ങളുമായി മുന്നോട്ട് കുതിച്ച് കൊണ്ടിരിക്കുന്ന കക്കാട് ഗവ. യു പി സ്കൂൾ വിദ്യാർത്ഥികൾ ഈ ലോക്ക് ഡൗൺ കാലത്ത് വീടിനുള്ളിൽ രക്ഷിതാക്കളുടെ പിന്തുണയും അധ്യാപകരുടെ മേൽനോട്ടത്തോടും കൂടി നടത്തിയ വിവിധ പഠന പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ് **അക്ഷരത്തളിര്** എന്ന ഈ ഡിജിറ്റൽ മാഗസിൻ. ഈ ഉദ്യമത്തിന് സർവ മംഗളങ്ങളും നേരുന്നതിനോടൊപ്പം തുടർന്നും മാതൃകാപരമായ ധാരാളം മുന്നേറ്റങ്ങൾ നടത്താൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു..



**സയ്യിദ് അബ്ദുറഹിമാൻ ജിഫ്‌രി**

**എസ്.എം.സി ചെയർമാൻ**

കക്കാട് പ്രദേശത്തെ പഴക്കവും പാരമ്പര്യവുമുള്ള പ്രധാനപ്പെട്ട ഒരു വിദ്യാഭ്യാസ സ്ഥാപനമാണല്ലോ കക്കാട് ഗവ. യു പി സ്കൂൾ. വിജയകരമായ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി നമ്മുടെ സ്ഥാപനം ശ്രദ്ധേയമാകാറുണ്ട്. ഇപ്പോൾ വിദ്യാർത്ഥികളുടെ വിവിധ സ്വഭാവത്തിലുള്ള രചനകൾ ഡിജിറ്റൽ രൂപത്തിൽ സമാഹരിച്ച് കൊണ്ട് 'അക്ഷരത്തളിര് ' ഡിജിറ്റൽ മാഗസിനും പ്രസിദ്ധീകരിക്കുകയാണ്. ഇതിന് നേതൃത്വം നൽകിയ വിദ്യാർത്ഥികളേയും പിന്നിൽ പ്രവർത്തിച്ച അധ്യാപകരേയും രക്ഷിതാക്കളേയും അഭിനന്ദിക്കുന്നു. മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



**മുഹമ്മദാലി. പി.പി.**

എ.ഇ.ഒ.
പരപ്പനങ്ങാടി സബ്ജില്ല

കോവിഡ് മഹാമാരിയുടെ കാലത്തെ പരിമിതികൾക്കുള്ളിൽ നിന്നും നമ്മുടെ കുട്ടികൾ അവർ ആർജ്ജിച്ച കഴിവുകൾ പ്രകാശിപ്പിക്കുന്നതിനായി 'അക്ഷരത്തളിര്' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നത് വളരെ മാതൃകാപരവും അഭിനന്ദനീയവുമാണ്. ഇതിന് നേതൃത്വം നൽകിയ എല്ലാവരേയും അഭിനന്ദിക്കുന്നു. എല്ലാ ആശംസകളും നേരുന്നു.



**അയ്യൂബ്. എം. ടി**

ഹെഡ്മാസ്റ്റർ
ജി.എം.യു.പി കക്കാട്

പഠന-പഠനേതര പ്രവർത്തനങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കക്കാട് ജി എം യു പി സ്കൂൾ വിദ്യാർത്ഥികളുടെ പുതിയ സംരംഭമായ 'അക്ഷരത്തളിര്' എന്ന പേരിലുള്ള ഡിജിറ്റൽ മാഗസിനും അതിന് പിന്നിൽ പ്രവർത്തിച്ച വി ദ്യാർത്ഥികൾക്കും ഹാർദ്ദമായ ആശംസകൾ നേരുന്നു. ഇതിനു നേതൃത്വം നൽകിയ അധ്യാപക- രക്ഷാകർത്താക്കളെയും അഭിനന്ദിക്കുന്നു.

# 2019-20 അധ്യയന വർഷത്തെ LSS-USS വിജയികൾ

## അഭിനന്ദനങ്ങൾ



ആയിഷ ഹന്ന. പി
(USS)




ഫാത്തിമ സഫ. പി.വി
(USS)



ഹംന. പി
(USS)



ഫാത്തിമ നൈഷാന
(USS)



ഫാത്തിമ ഹിബ. പി.ടി
(USS)



നജ്‌വ
(LSS)



ഫാത്തിമ നിദ. സി
(LSS)



ഷഹ്മ. കെ
(LSS)

## മാഗസിൻ കമ്മിറ്റി അംഗങ്ങൾ

അബ്ദുൽ അസീസ് പി.എം
അമാനത്ത് അബ്ദുല്ല
റാണി R
രമ്യ സി
അശ്വതി കെ
പ്രശാന്ത് എ ഒ
സറീന പി.പി
രജനി കെ

മുഹമ്മദ് അഫ്ഹാം 7A
വൈഗ ഗണേശ് 7B
ഫിദ ഷെറിൻ 7B
ഫഹ കെ 7C
ഫിദ കെ 6B
ഫാത്തിമ നസ്രീൻ 6B

# താളുകൾ മറിക്കുമ്പോൾ

- കഥ
- കവിത
- ലേഖനം
- അനുഭവക്കുറിപ്പ്
- യാത്രാവിവരണം
- പദപ്രശ്നം
- ചിത്രം
- പോസ്റ്റർ






TAMEEZ BANNA 4B





VYGA GANESH 7B

# സഹ്യന്റെ മകൾ

ഹരിതാഭ ഭംഗിയിൽ ഉണരുന്ന കേരളം
കേരങ്ങൾ ആടുന്ന ഹരിത കേരളം
മാവേലി വാണ സുന്ദര കേരളം
പടിഞ്ഞാറു കാണുമാ അറബിക്കടലും
കിഴക്ക് കാണുമാ സഹ്യ പർവ്വതവും
എത്ര സുന്ദരം എന്റെ കേരളം
ശ്യാമസുന്ദര കേരളം
കേരളം കേരളം എന്നുടെ കേരളം ....





SHANA SHERIN 5B





GAYATHRI 7B





FIDHA K 6B





# കേരളനാട്



NAJWA PT 5A

കേരളമാണെന്റെ ജന്മനാട്
കേരവൃക്ഷങ്ങൾനിറഞ്ഞനാട്

പക്ഷികൾവന്നുകലപിലചൊല്ലും
പുഴയുംതോടുംനിറഞ്ഞനാട്


പാടങ്ങളുംപള്ളിക്കൂടങ്ങളും
പാട്ടുപാടികളിക്കുന്നപൈതങ്ങളും

കർക്കടകത്തിൽകാർമേഘവും
വൃശ്ചികത്തിൽകുളിരും

ചിങ്ങത്തിൽപൊന്നോണവും
വിരുന്നുവരുന്നൊരുനാട്

കേരളമാണെന്റെ ജന്മനാട്
കേരവൃക്ഷങ്ങൾനിറഞ്ഞനാട്





# എന്റെ മുറ്റത്തെമുല്ല

ASLA SULTHANA 4B

മുറ്റത്ത് ഞാനൊരുവിത്തിട്ടു
മുത്തുമണിപോൽ മഴത്തുള്ളിവന്നു
മുന്നാഴിനേരംഞാൻ കാത്തുകാത്തു
മുല്ലപ്പൂമ്പൊടിയായി വളർന്നുവന്നു.

മൊട്ടുകൾമെല്ലെ നാമ്പിട്ടുവന്നു
മണിമുത്തുപോൽ വിളങ്ങിനിന്നു
കാറ്റിന്റെ ഈണത്തിലാടിനിന്നു
കരളിൽകുളിരായ് നൃത്തമാടി.

പെട്ടെന്നൊരുനാൾ വെയിൽമാറിവന്നു
പേമാരിയുംകാറ്റും പോയ് മറഞ്ഞു
പകൽകിനാപോലെ സുഗന്ധമുള്ള
പച്ചപ്പുകൾതെല്ലും ബാക്കിയില്ല.

സുന്ദരമാംസുഗന്ധം മാറിയപ്പോൾ
തുമ്പിയുംപൂമ്പാറ്റയും പോയ് മറഞ്ഞു
ഓമനത്തമായിഞാൻ കണ്ടയെൻമുല്ലയും



# പൂമ്പാറ്റയ്ക്കൊരുടുപ്പ്



FATHIMA FARHA C 4A

പൂമ്പാറ്റയ്ക്കൊരുടുപ്പുവേണം
പലവർണ്ണത്തിൽപലരൂപത്തിൽ
മാറിയുടുക്കാൻഉടുപ്പുവേണം
പൂവിൻഇതളുംപൂമ്പൊടിയും
പൂന്തേൻഇറ്റിയപച്ചിലയും
കെട്ടിയൊതുക്കികൂട്ടിത്തുന്നി
ചേലിൽനല്ലൊരുഉടുപ്പുവേണം



MUHAMMED 7B



SANHA PT 6B



---

# البَيْتُ جَنَّة

بقلم: فاطمة فرحة، الصف الرابع ، قسم أ)

بيتي جميل
البيت جنة
الأشجار تعطي
ظلا لمنزل
الزهور تجعل
البيت حديقة
المنزل دائما
جميل وآمن
بيتي جميل
البيت جنة



FATHIMA FARHA 4A








# താടിയുള്ളവർ മണ്ടന്മാരാണ്



**FAIZA 5C**

ഒരു കൊടുംകാട്ടിൽ നീണ്ടതാടിയുള്ള ഒരു മഹർഷി താമസിച്ചിരുന്നു.കാട്ടിലെ പൂക്കളും പഴങ്ങളും ഇലകളും ആയിരുന്നു അദ്ദേഹത്തിന്റെ ആഹാരം. എന്നും സന്ധ്യാസമയത്ത് തീ കൂട്ടി, അതിനടുത്ത് ഇരുന്ന് പുസ്തകം വായിക്കുന്ന ശീലമുണ്ടായിരുന്നു അദ്ദേഹത്തിന്. ഒരു ദിവസം ഒരുപുസ്തകം വായിക്കുന്നതിനിടയിൽ താടിയുള്ളവർ മണ്ടന്മാരാണ് എന്ന് എഴുതിയിരിക്കുന്നത് കണ്ടപ്പോൾ മഹർഷി കോപാകുലനായി. അദ്ദേഹം ഉടനടി ഒരു വിറകെടുത്തു തന്റെ താടിക്ക് തീ കൊളുത്തി. തീപടർന്നു പിടിച്ചു മഹർഷിയുടെ മുഖമാകെ പൊള്ളി. മഹർഷി വേദനകൊണ്ടു പുളഞ്ഞു. ദേഷ്യത്തോടെ വെള്ളം ഒഴിക്കുമ്പോൾ പെട്ടെന്ന് ഒരു ചെറു ചിരിയോടു കൂടി മഹർഷി ആലോചിച്ചു ശരിയാണ് താടിയുള്ളവർ മണ്ടന്മാരാണ്.

ഗുണപാഠം: മറ്റുള്ളവർ പറയുന്നതു കേട്ട് എടുത്തുചാടി ഒന്നും ചെയ്യാതിരിക്കുക.



AHAMMED SHAHINSHA 1C








## 'എന്റെ സ്വന്തം അനിയത്തി'

എന്റെ സ്വന്തം അനിയത്തി
എന്റെ സ്വന്തം അനിയത്തി
കുസൃതി കാട്ടും അനിയത്തി
കുറുമ്പ് കാട്ടും അനിയത്തി
ഞാനും അവളും ചേർന്ന് കളിക്കും
ഞാനും അവളും ചേർന്ന് ഉണ്ണും
എന്റെ സ്വന്തം അനിയത്തി
എന്റെ സ്വന്തം അനിയത്തി



HALA NAZRA 2C



AZAD ZIYAN 1 B





FATHIMA SHERIN 6C



# എന്റെ കൊച്ചു കേരളം

എന്റെ ജന്മനാടായ കേരളത്തെ പറ്റി നിങ്ങൾക്കറിയാമോ കൂട്ടുകാരെ.....

എന്ത് മനോഹരമാണെന്നോ എന്റെ കേരളം കാണാൻ. എന്റെ കേരളം പിറവിയെടുത്തത് 1956 നവംബർ ഒന്നിനാണ്. ആ ദിവസമാണ് കേരളപ്പിറവി എന്നറിയപ്പെടുന്നത്. കേരളത്തിൽ 14 ജില്ലകളുണ്ട്, അതുപോലെ 44നദികൾ സ്ഥിതി ചെയ്യുന്നുണ്ട്, ഇവിടെ പച്ചപ്പ് കൊണ്ട് മനോഹരമാണ് കാണാൻ, കേരളത്തിൽ കൂടുതലും തെങ്ങ് കൊണ്ട് മനോഹരമാക്കുന്ന കാഴ്ചകളാണ് കാണുന്നത്, പുഴകളും വയലുകളും തോടുകളും ഒക്കെ കാണാൻ എന്ത് ഭംഗിയാണെന്നോ. ഇവയൊക്കെ എന്റെ കേരളത്തെ സുന്ദരമാക്കുന്നതാണ്.

കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്, ചെറിയ ജില്ലയാണ് ആലപ്പുഴ, കേരളത്തിലെ ജില്ലയായ മലപ്പുറത്താണ് ഞാൻ ജനിച്ചത് ഈ ജില്ലയിലാണ് ജനസംഖ്യ കൂടുതലുള്ളതും. ഈ കൊച്ചു കേരളത്തിലെ സംസ്ഥാന മൃഗമാണ് ആന, അതുപോലെ മത്സ്യം ഏതാണെന്ന് അറിയോ? അതാണ് എല്ലാവർക്കും ഇഷ്ടപ്പെട്ട കരിമീൻ, അതുപോലെ പാനീയമാണ് ഇളനീർ. മലമുഴക്കിവേഴാമ്പൽ ആണ് സംസ്ഥാനപക്ഷി, നാം വിഷുവിന് കണികാണാൻ

കൃഷ്ണന്റെ കൂടെ വെക്കുന്ന പുഷ്പമായ കണിക്കൊന്നയാണ് ഇവിടുത്തെ സംസ്ഥാന പുഷ്പം. സംസ്ഥാനഫലം ആണെങ്കിലോ ഏവർക്കും പ്രിയപ്പെട്ട ചക്കയാണ്.

കേരളത്തിന്റെ ഭംഗികൂട്ടുന്ന തെങ്ങാണ് സംസ്ഥാനവൃക്ഷം എന്നറിയപ്പെടുന്നത്. എന്റെ നാടിന്റെ ഭാഷ മധുരമാർന്ന മലയാളമാണ്, ഏറ്റവും സുന്ദരമായഭാഷ, ഇതൊക്കെ നിറഞ്ഞതാണ് എന്റെ കൊച്ചുകേരളം. ഇനിയും കുറേ കാര്യങ്ങൾ ഉണ്ട് ഈ കേരളത്തിൽ. എല്ലാവർക്കും ഇഷ്ടപ്പെട്ടോ കൂട്ടുകാരെ ഈ കൊച്ചുകേരളത്തെ. ഇഷ്ടപ്പെടണം കേട്ടോ...





MINHA FATHIMA 3B



ANAMIKA 2A

# مينا

بقلم: منحة فاطمة ، الصف الثالث قسم (ب)

أنا طائر صغير. طعامي مخلوقات صغيرة وحبوب.
نحن نعيش في الغابة. يحبنا الأطفال كثيرا.
عندمانجلس نصرخ كلا كلي كلو.





ഫഹ്ന. കെ. 7 C

# ആൻഡമാനിലേക്ക് ഒരു യാത്ര

യാത്രാവിവരണം

ആൻഡമാൻ നിക്കോബാർ ദ്വീപ് കാണാൻ ഞാൻ കുടുംബസമേതം പോയി. 2017 മെയ് 7 ന് ആയിരുന്നു യാത്ര. നാടു കാണുക എന്നതുമാത്രമല്ല, എൻറെ ഉമ്മയുടെ രണ്ട് ജേഷ്ഠത്തിമാർ അടക്കം ഒരുപാട് പേർ അവിടെ ഉണ്ടായിരുന്നു .ഈ വീടുകളൊക്കെ സന്ദർശിക്കലും കൂടിയായിരുന്നു ഞങ്ങളുടെ യാത്രാ ലക്ഷ്യം.മെയ് ഏഴിന് തിരൂരിൽ നിന്നും ട്രെയിനിൽ മദ്രാസിലേക്ക് പുറപ്പെട്ടു. പിറ്റേന്ന് പുലർച്ചെയാണ് മദ്രാസിൽ എത്തിയത്. എന്റെ [illegible] മക്കൾ അവിടെ ജോലി ചെയ്യുന്നുണ്ടായിരുന്നു.ഇവരുടെ വീട്ടിലാണ് അന്ന് ഞങ്ങൾ ചിലവഴിച്ചത്.പിറ്റേന്ന് രാവിലെ ഒരു മണിക്ക് ആയിരുന്നു ആന്റമാനിലേക്ക് ഉള്ള വിമാനം. രാവിലെ എട്ടുമണിക്ക് തന്നെ ഞങ്ങൾ എയർപോർട്ടിലേക്ക് പുറപ്പെട്ടു .ആ യാത്രയിൽ മദ്രാസ് നഗരത്തിലെ കാഴ്ചകൾ കാണാനായി എന്റെ ആദ്യത്തെ വിമാന യാത്രയായിരുന്നു അത്. നല്ല ഒരു അനുഭവമായിരുന്നു. എയർഹോസ്റ്റസ് ഭക്ഷണമൊക്കെ ഞങ്ങൾക്ക് വിമാനത്തിൽ വച്ച് നൽകിയിരുന്നു .

രണ്ടു മണിക്കൂർ കൊണ്ട് തന്നെ ഞങ്ങൾ ആൻഡമാന്റെ തലസ്ഥാനമായ പോർട്ട് ബ്ലെയറിലെ വീർ സവർക്കർ വിമാനത്താവളത്തിലെത്തി.അവിടെ ഞങ്ങളെ സ്വീകരിക്കാൻ എന്റെ മൂത്തമ്മയുടെ മക്കൾ എത്തിയിരുന്നു. ഓരോ ദിവസവും ഞങ്ങൾ ഓരോ സ്ഥലങ്ങൾ കാണാൻ പോകും. പലപ്പോഴും ബന്ധുവീടുകളിൽ എത്തി അവിടെ നിന്നാവും യാത്ര. ഇതിൽ ഒന്നുരണ്ടു സ്ഥലങ്ങൾ മാത്രമാണ് ഞാൻ ഇവിടെ പരാമർശിക്കുന്നത്. ഏഷ്യയിലെ ഏറ്റവും മനോഹരമായ കടൽത്തീരങ്ങളിൽ ഒന്നാണ് ഹാവ്‌ലോക്ക് ദ്വീപിലെ രാധാനഗർ ബീച്ച്. പോർട്ട് ബ്ലയറിൽ നിന്നും ഒരു മണിക്കൂർ ബോട്ട് യാത്ര ചെയ്തതിനു ശേഷമാണ് അവിടെ എത്തിയത്. അവിടെ നിന്നും 10 കിലോമീറ്റർ ബസ് യാത്ര ചെയ്ത് ആ മനോഹര ബീച്ചിൽ എത്തി. എത്ര വർണ്ണിച്ചാലും മതിയാവാത്ത അത്രയും മനോഹരമായ കടൽത്തീരം ആയിരുന്നു അത് .നീലയും പച്ചയും കലർന്ന കടൽജലം, പഞ്ചാര മണൽത്തരികൾ, ഞങ്ങൾ ഒരുപാട് നേരം കടലിൽ ചിലവഴിച്ചു. അവിടെ നിന്ന് തിരിച്ചു ബന്ധുവീട്ടിൽ എത്തിയപ്പോൾ രാത്രി ആയിരുന്നു. ചരിത്രപ്രധാനമായ സെല്ലുലാർ ജയിൽ കാണാൻ പോയത് പോർട്ട് ബ്ലയറിൽ താമസിക്കുന്ന മറ്റൊരു ബന്ധുവിന്റെ കൂടെയായിരുന്നു. സ്വതന്ത്ര സമര സേനാനികളെ പാർപ്പിച്ചിരുന്ന ഈ ജയിൽ ഒരു ദേശീയ സ്മാരകമായി മാറ്റിയിട്ടുണ്ട്. മലയാളത്തിലെ പ്രശസ്ത സിനിമയായ കാലാപാനി ഈ ജയിലിലുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് . ഒരുപാട് അറിവുകൾ നമുക്ക് ഈ സന്ദർശനത്തിലൂടെ ലഭിക്കും. ആൻഡമാന്റെ വടക്കുഭാഗത്തുള്ള സീറ്റിപ്പൂരിലേക്ക് ഉള്ള യാത്ര പ്രത്യേകം എടുത്തു പറയേണ്ടതാണ് .

രണ്ടു ദ്വീപുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കടലിനു നടുവിലൂടെ ഒരു നടപ്പാത ഉണ്ട് ഈ കാഴ്ചകൾ കാണാനായിരുന്നു പ്രധാനമായും ഞങ്ങൾ പുറപ്പെട്ടത്. രണ്ടു വാഹനങ്ങളിൽ ആയിരുന്നു യാത്ര. ജറാവകൾ എന്ന കാട്ടു മനുഷ്യർ താമസിക്കുന്ന പാലത്തിലൂടെയുള്ള യാത്രയും ,വലിയ വാഹനങ്ങൾ വഹിച്ചു നീങ്ങുന്ന വെഹിക്കിൾ ഫെറി എന്ന ബോട്ടിലൂടെ ഉള്ള യാത്രയും മറക്കാനാവാത്തതാണ് . അന്ന് രാത്രി ഞങ്ങൾ സീറ്റിപ്പൂരിൽ എത്തി. അവിടെ റൂം എടുത്ത് താമസിച്ചു. പിറ്റേ ദിവസം രാവിലെയാണ് റോസ് ആൻഡ് സ്മിത്ത് ദ്വീപുകൾ സന്ദർശിച്ചത്. പക്ഷേ സങ്കടകരമായ വാർത്തയാണ് പിറ്റേന്ന് കേട്ടത് .കടലിന് നല്ല ഇളക്കം ഉണ്ട് ,ശക്തമായ കാറ്റ് ഉണ്ട് സ്ത്രീകളും കുട്ടികളും പോകരുത് എന്ന് ബോട്ടുജെട്ടിയിൽ നിന്നും വന്നവർ പറഞ്ഞപ്പോൾ വലിയ സങ്കടമായി. കൂടെയുണ്ടായിരുന്ന ആണുങ്ങളെല്ലാം ദ്വീപു കാണാൻ പോയി. എങ്കിലും അവിടെയുള്ള ബന്ധു വീടുകളിൽ ഒക്കെ സന്ദർശിച്ചാണ് അവിടെ നിന്നും മടങ്ങിയത്. വണ്ടൂർ ചിടിയാഡാപു തുടങ്ങിയ സ്ഥലങ്ങൾ ഒക്കെ മറക്കാനാവാത്ത ഓർമ്മകൾ ആണ് എനിക്ക് തന്നത്. 25 ദിവസത്തോളം ഞങ്ങൾ അവിടെ ചെലവഴിച്ചു. നോമ്പുകാലം തുടങ്ങിയ സമയത്ത് രണ്ടു നോമ്പുകൾ അവിടെ കഴിഞ്ഞാണ് ഞങ്ങൾ നാട്ടിലേക്ക് പുറപ്പെട്ടത്. ജൂൺ നാലിന് ഞങ്ങൾ വീട്ടിലെത്തി. മൂന്നു വർഷം മുമ്പുള്ള ഒരു വലിയ യാത്രയുടെ ഓർമ്മകൾ ഇന്നും മനസ്സിൽ മായാതെ കിടക്കുന്നുണ്ട്. ഇനിയൊരു ആൻഡമാൻ യാത്ര കൂടി ചെയ്യാൻ എനിക്ക് സാധിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന.







DEVADATHAN 7B





FATHIMA NASHWA O

# WORLD OF BIRDS

WE KNOW BIRDS ARE VERY BEAUTIFUL. THEY HELP TO GROW TREES EVERYWHERE. SOME OF THEM TRAVEL FROM ONE COUNTRY TO ANOTHER. THERE ARE SO MANY TYPES OF BIRDS IN THE WORLD.



SANHA FATHIMA PM 4.B



THE MOST BEAUTIFUL BIRD IS **PEACOCK**. THEY DANCE VERY BEAUTIFULLY.




THE BIGGEST BIRD IS **OSTRICH**. THEY COMMONLY FOUND IN AFRICA. THEY CAN RUN FAST WITH LONG AND STRONG LEGS.




THE SMALLEST BIRD IS **BEE HUMMING BIRD**. THEY FOUND ONLY IN CUBA.




**FALCON** IS THE FASTEST FLYING BIRD. THEY CAN TRAVEL 390 KM IN AN HOUR.




RIBBON TAILED ASTRAPIA.THIS BIRD COMMONLY FOUND IN PAPUANEW GUINEA.




THE LOUDEST BIRD IS **WHITE BELLBIRD**. THEY COMMONLY FOUND IN GUIANAS.




BIRDS WITH LONG BEAK IS SWORD-**BILLED HUMMING BIRD**. THIS BIRDS FOUND IN SOUTH AMERICA, IT HAS A BEAK LONGER THAN ITS BODY.



2020-21 അധ്യയന വർഷത്തെ സ്റ്റാഫ് അംഗങ്ങൾ
അയ്യൂബ് എം ടി
(ഹെഡ്മാസ്റ്റർ)
ഹരിലാൽ ടി
(എസ്.ആർ.ജി കൺവീനർ)
പ്രശാന്ത് എ ഒ
(സ്റ്റാഫ് സെക്രട്ടറി)
സൈനബ കെ
(സീനിയർ അസിസ്റ്റന്റ്)
അബ്ദുൾ അസീസ് പി.എം
അമാനത്ത് അബ്ദുല്ല
അപർണ്ണ സി
അഫീഫ
അശ്വതി കെ
അൻസാർ ബീഗം ടി
ആയിഷുമ്മു ഐ
പ്രജിത കെ.ടി
ബിജില പി ടി
മുഹമ്മദ് അബ്ദുറഹ്മാൻ കെ
രജനി കെ
റാണി R
രമ്യ സി
രാജലക്ഷ്മി വി എസ്
ശാന്തി കെ
വിബിന വി
വിജില ബായ് പി
സബീന പി പി
സുജിന
സുജിത എം കെ
സുവിജ പി
സുഹറാബി
സുഹറാബി കെ
(പ്രീ പ്രൈമറി)
സഫീന
(പ്രീ പ്രൈമറി)
രജിത പി.ടി
ശിവദാസൻ ടി